ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:16.01.2026**

## പ്രധാനവാർത്തകൾ

1. വികസിത ഭാരതം എന്ന ലക്ഷ്യത്തിലെത്താൻ സ്റ്റാർട്ടപ്പ് ഇന്ത്യ പദ്ധതി സുപ്രധാന പങ്ക് വഹിക്കുന്നുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിൽ ¬നടക്കുന്ന ദേശീയ സ്റ്റാർട്ടപ്പ് ദിനാഘോഷം പ്രധാനമന്ത്രി അഭിസംബോധന ചെയ്യും.
2. 64 മത് സംസ്ഥാന സ്കൂൾ കലോത്സവത്തിൽ സ്വർണക്കപ്പിനുള്ള ഇഞ്ചോടിഞ്ച് പോരാട്ടം തുടർന്ന് കണ്ണൂരും കോഴിക്കോടും.
3. പാലക്കാട് ജില്ലയിൽ മഞ്ഞപ്പിത്ത രോഗബാധ കൂടുതലായി റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ ജാഗ്രത നിർദേശം നൽകി ആരോഗ്യവകുപ്പ്.
4. ശബരിമല മകരവിളക്ക് തീർത്ഥാടനകാലത്തെ പടിപൂജയ്ക്ക് ഇന്ന് തുടക്കം. സ്പോട്ട് ബുക്കിംഗ് കൗണ്ടറുകൾ ഈ മാസം 19 വരെ.
5. ഇറാനിലെ പ്രശ്നങ്ങൾക്ക് നയതന്ത്രപരമായ പരിഹാരം സാധ്യമാക്കണമെന്ന് ഐക്യരാഷ്ട്രസഭ.
6. വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ജയൻറ്സ്, റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെ നേരിടും.

RNUTVPM

### സ്റ്റാർട്ടപ്പ്

തൊഴിൽദാതാക്കളുടെ രാജ്യമായി ഇന്ത്യയെ മാറ്റുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച സ്റ്റാർട്ട് അപ്പ് ഇന്ത്യ പദ്ധതിക്ക് ഇന്ന് ഒരു

പതിറ്റാണ്ട്. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കുന്ന ദേശീയ സ്റ്റാർട്ടപ്പ് ദിനാഘോഷം പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിസംബോധന ചെയ്യും. വികസിത ഭാരതം എന്ന ലക്ഷ്യത്തിലെത്താൻ പദ്ധതി സുപ്രധാന പങ്ക് വഹിക്കുന്നുണ്ടെന്ന് പ്രധാനമന്ത്രി പറഞ്ഞു. ബഹിരാകാശം, പ്രതിരോധം തുടങ്ങിയ മേഖലകളിലേക്ക് കടക്കാൻ സ്റ്റാർട്ടപ്പുകൾക്ക് വളരെ അനുകൂലമായ അന്തരീക്ഷം സൃഷ്ടിച്ചിട്ടുണ്ടെന്നും അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸

## സ്റ്റാർട്ടപ്പ് കേരള (ഇൻട്രോ)

സ്കൂളുകളിൽ നിന്നും കോളേജുകളിൽ നിന്നും നൂതന ആശയങ്ങളുമായി പുറത്തിറങ്ങുന്ന യുവാക്കൾക്ക് വലിയ പ്രതീക്ഷ നൽകുന്ന ഒന്നാണ് സ്റ്റാർട്ട് അപ്പ് ഇന്ത്യ മിഷനെന്ന് ഫ്യുസിലേജ് ഇന്നോവേഷൻസ് സ്റ്റാർട്ടപ്പ് സ്ഥാപകനും മാനേജിങ് ഡയറക്ടറുമായ ദേവൻ ചന്ദ്രശേഖരൻ ആകാശവാണി വാർത്തകളോട് പറഞ്ഞു.

(വോയ്സ്)

☸☸☸☸☸☸☸☸☸☸☸☸☸

## തീവ്ര വോട്ടർ പട്ടിക

സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന് ശേഷം പ്രസിദ്ധീകരിച്ച കരട് വോട്ടർ പട്ടികയിൽ നിന്ന് ഒഴിവാക്കപ്പെട്ടവരുടെ പേരുകൾ സാധാരണ ജനങ്ങൾക്ക് പ്രാപ്യമാകുന്ന തരത്തിൽ പൊതു ഓഫീസുകളിലും ഔദ്യോഗിക വെബ്സൈറ്റിലും പ്രസിദ്ധീകരിക്കണമെന്ന് സുപ്രീം കോടതി. സംസ്ഥാനത്തെ എസ്ഐആർ പ്രക്രിയയുമായി ബന്ധപ്പെട്ട ഹർജികൾ പരിഗണിക്കുകയായിരുന്നു കോടതി.

☸☸☸☸☸☸☸☸☸☸☸☸☸

## കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ

ഗോവ, ലക്ഷദ്വീപ്, രാജസ്ഥാൻ, പുതുച്ചേരി, പശ്ചിമ ബംഗാൾ എന്നിവിടങ്ങളിൽ നടന്നുകൊണ്ടിരിക്കുന്ന SIR ന്റെ സമയക്രമം നീട്ടി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. വോട്ടർമാർക്ക് അവകാശവാദങ്ങളും എതിർപ്പുകളും ഈ മാസം 19 വരെ സമർപ്പിക്കാം.

RNUTVPM

## സ്കൂൾ കലോൽസവം (ഇൻട്രോ)

64 മത് സംസ്ഥാന സ്കൂൾ കലോത്സവം മൂന്നാം ദിനത്തിലേക്ക് കടക്കുമ്പോൾ കലാമാമാങ്കത്തിൽ കണ്ണൂരും കോഴിക്കോടും ഇഞ്ചോടിഞ്ച് പോരാട്ടം തുടരുന്നു. ഒടുവിൽ ലഭിച്ച കണക്കുകൾ പ്രകാരം 492 പോയിന്റുകളുമായി കണ്ണൂർ ഒന്നാമതും 488 പോയിന്റ്റുമായി കോഴിക്കോട് രണ്ടാം സ്ഥാനത്തുമാണ്. ആതിഥേയരായ തൃശൂർ 486 പോയിന്റ്കളുമായി തൊട്ടു പുറകിലുണ്ട്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിത പ്രതാപ്

(വോയ്സ്)

## രാജ്യാന്തര സംഗീതോ◌ാത്സവം

തപസ്യ കലാസാഹിത്യവേദിയുടെ സുവർണജൂബിലി ആഘേ◌ാഷത്തിന്റെ ഭാഗമായി പാലക്കാട് സംഘടിപ്പിക്കുന്ന രാജ്യാന്തര സംഗീതോ◌ാത്സവം നാളെ കേന്ദ്രമന്ത്രി ഗജേന്ദ്രസിങ് ഷെഖാവത്ത് ഉദ്ഘാടനം ചെയ്യും. ഈ മാസം 20 വരെയാണ് സംഗീതോത്സവം.

RNU TVPM

## റിപ്പബ്ലിക് ഡേ - അതിഥി

ജനുവരി 26 ന് കർത്തവ്യപഥിൽ നടക്കുന്ന 77-മത് റിപ്പബ്ലിക് ദിനാഘോഷങ്ങളിൽ യൂറോപ്യൻ കൗൺസിൽ പ്രസിഡൻറ് അൻറോണിയോ ലൂയിസ് സാൻറോസ് ഡ കോസ്റ്റയും, യൂറോപ്യൻ കമ്മീഷൻ പ്രസിഡൻറ് ഉർസുല വോൺ ഡെയർ ലെയണും വിശിഷ്ടാതിഥി കളായി പങ്കെടുക്കും. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ക്ഷണപ്രകാരമാണ് മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ഈ മാസം 25 ന് ഇരുവരും ഇന്ത്യയിലെത്തുന്നത്.

## കൊല്ലം സായി

കൊല്ലം സായിയിൽ കുട്ടികളെ മരിച്ച നിലയിൽ കണ്ടെത്തിയ സംഭവത്തിൽ പൊലീസ് അന്വേഷണം ആരംഭിച്ചു. ആത്മഹത്യാ ക്കുറിപ്പിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് അന്വേഷണം. മറ്റ് കുട്ടികളുടെയും, ഹോസ്റ്റൽ വാർഡൻ ഉൾപ്പടെയുള്ള ജീവനക്കാരുടെയും മൊഴി രേഖപ്പെടുത്തി.

☸☸☸☸☸☸☸☸☸☸☸☸☸

## പടിപൂജ

ശബരിമല മകരവിളക്ക് തീർത്ഥാടനകാലത്തെ പടിപൂജയ്ക്ക് ഇന്ന് തുടക്കമാകും. ദീപാരാധനയ്ക്ക് ശേഷം 6.45 ടെയാണ് പൂജ. ഈ സമയം ഭക്തർക്ക് പ്രവേശനമില്ല. ശബരിമല അടക്കമുള്ള പതിനെട്ട് മലകളെയാണ് പടികൾ പ്രതിനിധാനം ചെയ്യുന്നതെന്നാണ് സങ്കൽപ്പം.

☸☸☸☸☸☸☸☸☸☸☸☸☸

## ശബരിമല - സ്പോട്ട് ബുക്കിംഗ്

ശബരിമല ദർശനത്തിനായുള്ള സ്പോട്ട് ബുക്കിംഗ് കൗണ്ടറുകൾ ഈ മാസം 19 വരെ പ്രവർത്തിക്കും. പമ്പ, നിലയ്ക്കൽ, എരുമേലി എന്നിവിടങ്ങളിലാണ് സ്പോട്ട് ബുക്കിംഗ് സൗകര്യമുള്ളത്. വെർച്വൽ ക്യൂ ബുക്കിംഗും 19 വരെയുണ്ടാകും. മറ്റന്നാൾ വരെയാണ് തിരുവാഭരണം ചാർത്തിയുള്ള അയ്യപ്പദർശനം. മണ്ഡല, മകരവിളക്ക് മഹോത്സവത്തിന് സമാപനം കുറിച്ച് ഈ മാസം 20 നാണ് നട അടയ്ക്കുക.

RNU TVPM

☸☸☸☸☸☸☸☸☸☸☸☸☸

## ഹെപ്പറ്റൈറ്റീസ് - എ (ഇൻട്രോ)

പാലക്കാട് ജില്ലയിൽ ഹെപ്പറ്റൈറ്റീസ് - എ അഥവാ മഞ്ഞപ്പിത്ത രോഗ ബാധ കൂടുതലായി റിപ്പോർട്ട് ചെയ്യുന്നതിനാൽ പൊതു ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യവകുപ്പ് അറിയിച്ചു. കഴിഞ്ഞ ഒരുവർഷ കാലയളവിൽ ജില്ലയിൽ 1,793 കേസുകളാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത്**

(വോയ്സ്)

## ഇറാൻ പ്രതിഷേധം

ഇറാനിലെ സംഘർഷങ്ങളുടെ പശ്ചാത്തലത്തിൽ ഐക്യരാഷ്ട്രസഭ സുരക്ഷാ കൗൺസിൽ യോഗം ചേർന്നു. ഇറാനിലെ ജനങ്ങൾക്ക് ഭയമില്ലാതെ സമാധാനപരമായി അവരുടെ പ്രശ്നങ്ങൾ പ്രകടിപ്പിക്കാൻ കഴിയണമെന്ന് യുഎൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് അഭിപ്രായപെട്ടു. നയതന്ത്രത്തിലൂടെയും സംഭാഷണത്തിലൂടെയും പ്രശ്ന പരിഹാരം സാധ്യമാക്കണം എന്ന് ഐക്യരാഷ്ട്രസഭ അറിയിച്ചു. രാജ്യവ്യാപക പ്രക്ഷോഭത്തിൻറെ പശ്ചാത്തലത്തിൽ ഇറാനിലേക്കുള്ള യാത്ര ഒഴിവാക്കണമെന്ന് ഇന്ത്യൻ പൗരന്മാർക്ക് വിദേശകാര്യ മന്ത്രാലയം നിർദേശം നൽകി. ഇറാനിലെ കേരളീയർക്കായി നോർക്ക റൂട്ട്സ് ഹെൽപ്പ്ഡെസ്കും ആരംഭിച്ചിട്ടുണ്ട്.

PIUTVPM

## ജൈവ കർഷകൻ (ഇൻട്രോ)

ലോകത്തിന് തന്നെ മാതൃകയായ ഇന്ത്യൻ കാർഷിക സമ്പ്രദായം പുനരാവിഷ്കരിക്കേണ്ടതിൻറെ ആവശ്യകതയുണ്ടെന്നും വരും തലമുറയ്ക്ക് അത് പകർന്ന് നൽകേണ്ടതുണ്ടെന്നും തിരുവല്ലയിൽ നിന്നുള്ള ജൈവ കർഷകൻ ഓമനകുമാർ ആകാശവാണി വാർത്തകളോട് പറഞ്ഞു.
(വോയിസ്..ഓമനകുമാർ )
കർഷകർ രാഷ്ട്ര നിർമാണത്തിൽ സുപ്രധാന പങ്ക് വഹിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി കഴിഞ്ഞ ദിവസം വ്യക്തമാക്കിയിരുന്നു.

## വനിത ക്രിക്കറ്റ്

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ ഇന്ന് നടക്കുന്ന മത്സരത്തിൽ, ഗുജറാത്ത് ജയൻറ്സ്, റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെ നേരിടും. രാത്രി 7:30 നാണു മത്സരം.

## ബാഡ്മിൻറൺ

ന്യൂഡൽഹിയിൽ നടക്കുന്ന ഇന്ത്യ ഓപ്പൺ ബാഡ്മിന്റൺ ടൂർണമെന്റിന്റെ പുരുഷ സിംഗിൾസിൽ ഇന്ത്യയുടെ ലക്ഷ്യ സെൻ ക്വാർട്ടർ ഫൈനലിൽ തായ്‌പേയി താരം ലിൻ ചുൻ-യിയെ നേരിടും. ജപ്പാൻ താരത്തെ പരാജയപ്പെടുത്തിയാണ് ലക്ഷ്യ ക്വാർട്ടറിൽ പ്രവേശിച്ചത്.

❁❁❁❁❁❁❁❁❁❁❁❁❁

## ചർച്ച

കേന്ദ്ര സർക്കാരിൻറെ വിവിധ പദ്ധതികളെകുറിച്ച് ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം തയ്യാറാക്കുന്ന പ്രത്യേക ചർച്ചകൾ തിങ്കളാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ പ്രക്ഷേപണം ചെയ്യും. സർക്കാർ പദ്ധതികളെ കുറിച്ചുള്ള വിശദമായ വിവരങ്ങൾ ജനങ്ങളിലെത്തിക്കുകയാണ് ലക്ഷ്യം. ആത്മനിർഭർ ഭാരതിനെ കുറിച്ച് ഇന്ന് രാത്രി 11 മണിക്ക് സാമ്പത്തിക വിദഗ്ധ പ്രൊ. മേരി ജോർജ്ജ് സംസാരിക്കുന്നു.

❁❁❁❁❁❁❁❁❁❁❁❁❁

RNU TVPM

## വി ഡി സതീശൻ

മുന്നണി മാറ്റത്തെ കുറിച്ച് കേരള കോൺഗ്രെസ്സുമായി ഒരു വിധത്തിലുള്ള ചർച്ചയും നടത്തിയിട്ടില്ലെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ. കെ എം മാണിക്കു സ്മാരകം പണിയാൻ സ്ഥലം അനുവദിച്ചതിൽ സർക്കാരിന് നന്ദി പറയുന്നു. അതിനു കോൺഗ്രസ് നിമിത്തമായതിൽ സന്തോ ഷിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## പഴശ്ശി പദ്ധതി

കണ്ണൂർ ജില്ലയെ ഹരിതാഭമാക്കാൻ ലക്ഷ്യമിട്ട് തുടങ്ങിയ പഴശ്ശി പദ്ധതി യിൽ നിന്ന് കനാൽ വഴി കൃഷി ആവശ്യത്തിനുള്ള ജല വിതരണം ആരംഭിച്ചു. കനാലിന്റെ മൂന്ന് ഷട്ടറുകൾ 10 സെൻ്റി മീറ്റർ വീതം ഉയർത്തിയാണ് കനാലിലേക്കുള്ള ജല വിതരണം ആരംഭിച്ചത്. മെയിൻ കനാൽ വഴി വെള്ളം ഒഴുകുന്നതോടെ കനാലിന്റെ ഭാഗമായി വരുന്ന മേഖലയിലെ 4000 വീട്ടുകിണറുകൾ റീച്ചാർജ് ചെയ്യപ്പെടും. 400 ഏക്കറു കളോളം വരുന്ന നാണ്യവിളകൾക്കും ഇത് ഗുണകരമാണ്.

❁❁❁❁❁❁❁❁❁❁❁❁❁

## പ്രീമിയം കഫേ-ഇടുക്കി

ഇടുക്കി ജില്ലയിൽ കുടുംബശ്രീയുടെ ആദ്യ പ്രീമിയം കഫേയുടെ ഉദ്ഘാടനം മന്ത്രി വി. എൻ വാസവൻ ഇന്ന് നിർവ്വഹിക്കും. വിനോദ സഞ്ചാര കേന്ദ്ര മായ വാഗമണ്ണിൽ നടക്കുന്ന പരിപാടിയിൽ മന്ത്രി റോഷി അഗസ്റ്റിൻ അധ്യക്ഷനാകും.

## ഓഹരി-സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം.സെൻസെക്സ് 190 പോയിന്റ് നേട്ടത്തിൽ 83,573 ലും,നിഫ്റ്റി 34 പോയിന്റ് നേട്ടത്തിൽ 25,702 ലും വ്യാപാരം തുടരുന്നു.
സ്വർണ വില കുറഞ്ഞു. പവന് 160 രൂപ താഴ്ന്നു ഒരു ലക്ഷത്തി 5,160 രൂപയും, ഗ്രാമിന് 13,145 രൂപയുമാണ് ഇന്നത്തെ വില.

## കേരള കുംഭമേള

തിരുനാവായയിൽ ആരംഭിക്കാനിരുന്ന കേരള കുംഭമേള എന്ന് വിശേഷിപ്പി ക്കുന്ന മഹാമാഘ മഹോത്സവത്തിന്റെ ഭാഗമായി ഭാരതപ്പുഴയിൽ വിശേഷാൽപൂജകൾക്ക് ഇന്ന് തുടക്കമാകും.

RNU TVPM